**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4014** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഫാർമസിസ്റ്റിന് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമനം നൽകിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി നെടുവ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജോലി ചെയ്തിരുന്ന ഫാർമസിസ്റ്റിന് തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നൽകിയ നിയമനം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | നെടുവ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ രണ്ട് സ്ഥിരം തസ്തികയുണ്ട്. അതിൽ ഒരാൾക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് എൻ.എച്ച്.എം. മുഖേന ഒരാളും, എൽ.എസ്.ജി.ഡി. മുഖേന ഒരാളും സേവനമനുഷ്ഠിക്കുന്നുണ്ട്. നിലവിൽ 3 ഫാർമസിസ്റ്റുകൾ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന ഒരു ഫാർമസിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ആരോഗ്യവകുപ്പ് കാര്യാലയത്തിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നൽകിയ നിയമനം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റി നിയമനം നൽകുമ്പോൾ നിലവിൽ ജോലി ചെയ്തിരുന്ന സ്ഥാപനത്തിലേക്ക് പുതിയ നിയമനം നൽകാൻ സാധിക്കുകയില്ല എന്നതിനാൽ പ്രസ്തുത രീതിയിലുള്ള നിയമനം സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നെടുവ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ രണ്ട് സ്ഥിരം തസ്തികയുണ്ട്. അതിൽ ഒരാൾക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് എൻ.എച്ച്.എം. മുഖേന ഒരാളും, എൽ.എസ്.ജി.ഡി. മുഖേന ഒരാളും സേവനമനുഷ്ഠിക്കുന്നുണ്ട്. നിലവിൽ 3 ഫാർമസിസ്റ്റുകൾ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന ഒരു ഫാർമസിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ആരോഗ്യവകുപ്പ് കാര്യാലയത്തിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നൽകിയ നിയമനം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | തീരദേശ മേഖലയിലെ വളരെ തിരക്കേറിയ പ്രസ്തുത ആശുപത്രിയിലെ ഫാർമസിസ്റ്റിനെ വർക്കിംഗ് | (സി) | നെടുവ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ രണ്ട് സ്ഥിരം തസ്തികയുണ്ട്. അതിൽ |

| | | | |
|---|---|---|---|
| | അറേഞ്ച്മെന്റിൽ തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേക്ക് മാറ്റി നിയമിച്ച സാഹചര്യത്തിൽ ആശുപത്രിയുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന്, പകരം നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വർക്കിംഗ് അറേഞ്ച്മെന്റ് ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; | | ഒരാൾക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് എൻ.എച്ച്.എം. മുഖേന ഒരാളും, എൽ.എസ്.ജി.ഡി. മുഖേന ഒരാളും സേവനമനുഷ്ഠിക്കുന്നുണ്ട്. നിലവിൽ 3 ഫാർമസിസ്റ്റുകൾ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം. മുഖേന ഒരു ഫാർമസിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ആരോഗ്യവകുപ്പ് കാര്യാലയത്തിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നൽകിയ നിയമനം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കും വിധം ഇപ്രകാരം വർക്കിംഗ് അറേഞ്ച്മെന്റിൽ ജീവനക്കാരിയെ മാറ്റി നിയമിച്ചത് നീതിയുക്തമായ നടപടിയാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ആരോഗ്യവകുപ്പ് കാര്യാലയത്തിന് കീഴിൽ വരുന്ന 1200ൽ പരം സർക്കാർ ആശുപത്രികളുടെ കുടുംബാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട്, ജനസംഖ്യ നിയന്ത്രണം, യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിലൂടെ നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ, വാക്സിൻ ലോജിസ്റ്റിക് മാനേജ്മെന്റ്, കോവിഡ് വാക്സിനേഷൻ, ഫാമിലി പ്ലാനിങ്ങ് കമ്മോഡിറ്റീസ്, ഇന്റന്റ് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ച് അവ ക്രോഡീകരിച്ച് സംഭരിച്ച് വിതരണം നടത്തുക, ആയതിലേക്ക് പ്രതിമാസ റിപ്പോർട്ടുകളും മറ്റ് റിപ്പോർട്ടുകളും തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുക, "ഇ-വിൻ" സോഫ്റ്റ് വെയർ വഴി വാക്സിനുകളുടേയും എഫ്.പി.എൽ.എം.ഐ.എസ്. സോഫ്റ്റ് വെയർ വഴി ഫാമിലി വെൽഫെയർ കമ്മോഡിറ്റീസിന്റെയും അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കൽ, കൂടാതെ എഫ്.പി.എൽ.എം.ഐ.എസ്. മായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലേയും എഫ്.ഡബ്ല്യൂ സ്റ്റോർ കസ്റ്റോഡിയന്മാർക്ക് ട്രെയിനിംഗ് നൽകുക എന്നീ സുപ്രധാനമായ ജോലികൾ ഫാമിലി വെൽഫെയർ സ്റ്റോർ ഓഫീസറുടെ കീഴിൽ നടന്നുവരുന്നു. ഈ പ്രവർത്തനങ്ങൾ നടത്താൻ സ്റ്റോർ ഓഫീസറിന്റെ ഒരു തസ്തിക മാത്രമാണ് ഉള്ളത്. കാലാകാലങ്ങളിൽ സ്റ്റോർ ഓഫീസർ (എഫ്.ഡബ്ല്യൂ.)ന്റെ സഹായത്തിനായി കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഫാർമസിസ്റ്റുമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ച് വരുന്നു. ആയതിന്റെ തുടർച്ചയായാണ് നെടുവ സി.എച്ച്.സി.ലെ ഫാർമസിസ്റ്റിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചത്.<br><br>ഇപ്പോൾ നിയമിച്ചിരിക്കുന്ന ഫാർമസിസ്റ്റിന് എഫ്.പി.എൽ.എം.ഐ.എസ്. ട്രെയിനിംഗ് ലഭിച്ചതും |

| | | | |
|---|---|---|---|
| | | | "ഇ-വിൻ" സോഫ്റ്റ് വെയർ പരിജ്ഞാനമുള്ള ആളും, കോവിഡ് കാലത്ത് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിലെ സ്റ്റോർ വേരിഫിക്കേഷൻ ടീമിൽ പ്രവർത്തനങ്ങൾ നടത്തി പരിചയ സമ്പത്തുള്ള ആളുമാണ്. അതിനാൽ ടിയാന്റെ സേവനം ആരോഗ്യവകുപ്പ് കാര്യാലയത്തിൽ അനിവാര്യമാണ്.<br><br>ഫാർമസിസ്റ്റുകളുടെ അനുവദനീയമായ തസ്തികകൾ ഉള്ള നെട്ടുവ സി.എച്ച്.സി.യിൽ ടിയാൾക്ക് പകരം നിലവിൽ താൽക്കാലിക ജീവനക്കാർ സേവനം അനുഷ്ഠിക്കുന്ന സ്ഥിതിക്ക് വർക്കിംഗ് അറേഞ്ച്മെന്റ് മുഖേന ആരോഗ്യവകുപ്പ് കാര്യാലയത്തിൽ ടിയാളെ നിയമിച്ചത് വഴി, നെട്ടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ